DESPATCHED
On.8/2/22



3/2/22

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1625(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 14472/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീ. തങ്കച്ചൻ സക്കറിയാസ്,
ചാർട്ടേർഡ് അക്കൗണ്ടന്റ്,
ഫസ്റ്റ് ഫ്ളോർ, തെക്കുംകാട്ടിൽ ബിൽഡിംഗ്,
ജി.എസ്. റോഡ്, കോട്ടയം – 686 001.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ പോലീസ് സൂപ്രണ്ട്,
ജില്ലാ പോലീസ് ഓഫീസ്,
കോട്ടയം.

2) അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
കോട്ടയം – 686 002.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 04/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 25/01/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി -ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. തങ്കച്ചൻ സക്കറിയാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം എതിർകക്ഷികൾ വിവരം നിഷേധിച്ചിരിക്കുകയാണെന്നും ആയതിനാൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി

നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിവരം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതിന് ദിവസം 250/- രൂപ വീതം നഷ്ടപരിഹാരം നൽകണമെന്നും, ഹർജി സമർപ്പിക്കുന്നതിന് ചെലവായ 1000/- രൂപ തിരികെ നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 2.8.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. Name and Residential address as per Police Department records of the following Police officials during the period from 1.8.2020 till date, stating their period of service in the respective post.

a) Deputy Superintendent of Police, Kottayam
b) Deputy Superintendent of Police, District Crime records Bureau, Kottayam
c) Deputy Superintendent of Police, Special Branch, Kottayam
d) District Police Chief, Kottayam and so on numbering to 'a' to 'h' items.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള പോലീസ് ഓഫീസർമാരുടെ പേരു വിവരം നൽകിയതായും ടി ഉദ്യോഗസ്ഥരുടെയോ/ഓഫീസർമാരുടെയോ വ്യക്തിപരമായ വിവരങ്ങൾ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം നൽകുവാൻ നിർവ്വാഹമില്ല എന്ന മറുപടി നൽകിയതായും കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത വിവരങ്ങൾ വിവരാവകാശം 8(1)(ജെ) വകുപ്പ് പ്രകാരം നിഷേധിക്കേണ്ടതല്ലെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട സ്ഥിര മേൽവിലാസം താമസം വരുത്താതെ നൽകണമെന്നും മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയതിന് ഒന്നാം എതിർകക്ഷിയിൽ നിന്നും 250/- രൂപ വീതം പ്രതിദിനം പിഴയും 5000 രൂപ നഷ്ടപരിഹാരവും ഈടാക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവിധ തസ്തികയിൽ ജോലി ചെയ്ത പോലീസ് ഓഫീസേഴ്സിന്റെ പേരും കാലാവധിയും നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി ഉദ്യോഗസ്ഥരുടെ സ്ഥിരവിലാസം വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്ന്

30.8.2021–ലെ മറുപടിയിൽ അറിയിച്ചിട്ടുള്ളതാണെന്നും ടി മറുപടി ശരി വച്ച് മറ്റ് നടപടികൾ അപ്പീൽ അപേക്ഷയിൽ സ്വീകരിക്കാനില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത സി.എം.നം.638/20 നമ്പർ കേസുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ നിരവധി വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും ആയതിനെല്ലാം മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ 2.8.2021 തീയതി സമർപ്പിച്ച അപേക്ഷ 4.8.2021 തീയതി എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചതിൽ അപേക്ഷയിലെ എ മുതൽ എച്ച് വരെ ക്രമനമ്പരുകളായി ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിലെ എഫ്, ജി, എച്ച് എന്നീ ക്രമനമ്പരിൽ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയത് വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം ഒഴിവാക്കലിന്റെ പരിധിയിൽ വരുന്നതിനാൽ ആയത് ഒഴിവാക്കി മറ്റ് വിവരങ്ങൾ ടിയാന് 30.8.2021 തീയതിയിലെ ജി3(ബി)–52278/2021/കെ നമ്പരായി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയുമായി ബന്ധപ്പെട്ട് ടിയാൻ 6.9.2021–ന് സമർപ്പിച്ച അപ്പീൽ അപേക്ഷ 9.10.2021 തീയതി ടി ഓഫീസിൽ ലഭിച്ചിരുന്നതാണെന്നും ആയത് പരിശോധിച്ചതിൽ നിന്നും ടിയാൻ ആവശ്യപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത വിവരങ്ങൾ നൽകിയിട്ടില്ല എന്നും മറ്റുമായിരുന്നു ആക്ഷേപം ഉന്നയിച്ചിരുന്നതെന്നും ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ടിയാൻ ആവശ്യപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത വിവരങ്ങൾ നൽകുന്നത് ഏതെങ്കിലും പൊതുതാല്പര്യവുമായി ബന്ധമില്ലാത്തതിനാലും ആയത് ടി വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റത്തിനു കാരണഹേതുയാകുമെന്നതിനാലും ടി വിവരങ്ങൾ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം ഒഴിവാക്കലിന്റെ പരിധിയിൽ വരുന്നതിനാൽ ടി വിവരങ്ങൾ നൽകുന്നതിന് നിർവ്വാഹമില്ലെന്നും അറിയിച്ച് അപ്പീൽ തീർപ്പാക്കി അപ്പീൽവാദിക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകേണ്ടതാണോ/ഇല്ലയോ എന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാനുള്ള പൂർണ്ണവും സ്വാതന്ത്ര്യവുമായ അധികാരം ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരി എന്നിവയിൽ നിക്ഷിപ്തമാണെന്നതിനാൽ തന്നെ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത വിവരങ്ങൾ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം നൽകുവാൻ

നിർവ്വാഹമില്ല എന്ന മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. കൂടാതെ ലഭ്യമായ നിയമപരമായി നൽകുവാൻ കഴിയുന്ന വിവരങ്ങൾ ഒന്നാം എതിർകക്ഷി സമയബന്ധിതമായി തന്നെ ഹർജിക്കാരന് നൽകിയിട്ടുള്ളതിനാൽ ഹർജിക്കാരന് നഷ്ടപരിഹാരം നൽകണമെന്നും, എതിർകക്ഷിയിൽ നിന്നും പിഴ ഈടാക്കണമെന്നുമുള്ള കാര്യത്തിൽ കമ്മീഷൻ മറ്റ് നിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിക്കുന്നില്ല.

6. ഹർജിക്കാരൻ 6.9.2021-ന് നൽകിയ അപ്പീൽ അപേക്ഷയ്ക്ക് 24.10.2021-നാണ് രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നത്. സമയബന്ധിതമായി അപ്പീൽ തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ രണ്ടാം എതിർകക്ഷി ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം **15.2.2022-നകം കമ്മീഷൻ** മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION, KERALA, THIRUVANANTHAPURAM

us